LIBRARY ARCHIVES Kerala Legislative Assembly

ഫിസിക്സ് അദ്ധ്യാപക ഒഴിവ് സംബന്ധിച്ച്

65 (3792) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ഫിസിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) 2012-ന് ശേഷം അനുവദിച്ച പുതിയ ബാച്ചിന് പോസ്റ്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഫിസിക്സ് വിഷയത്തിന് അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലായി ഫിസിക്സ് സീനിയർ അദ്ധ്യാപക തസ്തികയിൽ 34 ഒഴിവുകളും ജൂനിയർ തസ്തികയിൽ 213 ഒഴിവുകളുമുണ്ട്.

(ബി) ഉണ്ട്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽനിന്നും ഫിസിക്സ് അദ്ധ്യാപകരുടെ (സീനിയർ) 13 ഒഴിവുകളും ജൂനിയർ വിഭാഗത്തിൽ 197 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളവയാണ്.

(സി) ഇല്ല.

(ഡി) സ്ഥിരം അദ്ധ്യാപകർ നിലവിലില്ലാത്ത സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഫിസിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

66 (3793) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലായി ഫിസിക്സ് വിഷയത്തിൽ സീനിയർ, ജൂനിയർ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) നിലവിലുള്ള ഫിസിക്സ് റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു ;

(സി) വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ മറ്റ് തസ്തികകളിൽ നിന്നും അദ്ധ്യാപകരായി ജോലി ചെയ്യുന്നവർ എത്രയാണ് ;

(ഡി) ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ വിഭാഗങ്ങളിലുള്ള ഫിസിക്സ് വിഷയത്തിലെ ഒഴിവുള്ള മുഴുവൻ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി/വി.എച്ച്. എസ്. ഇ വിഭാഗങ്ങളിലായി ഫിസിക്സ് അദ്ധ്യാപകരുടെ 34 ഒഴിവുകളും ജൂനിയർ അദ്ധ്യാപകരുടെ 213 ഒഴിവുകളും നിലവിലുണ്ട്.

(ബി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കാത്തതിനാൽ ആർക്കും നിയമനം നൽകിയിട്ടില്ല.

(സി) നോൺ വൊക്കേഷണൽ ഫിസിക്സ് (ജൂനിയർ) അദ്ധ്യാപക തസ്തികയിൽ ഡെപ്യൂട്ടേഷനിൽ മറ്റ് തസ്തികയിൽ നിന്നും ജോലി ചെയ്യുന്നവർ ഇല്ല.

(ഡി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിക്കുന്ന മുറക്ക് നിയമനം നൽകുന്നതാണ്.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

67 (3794) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ലിസ്റ്റിൽ എത്ര പേർ അവശേഷിക്കുന്നുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 401 പേർക്ക് നിയമനം നൽകി. 469 ഒഴിവുകൾ മൊത്തം റിപ്പോർട്ട് ചെയ്തു. 68 പേർക്ക് നിയമനം നൽകുവാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly